بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 08.01.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

08.01.16 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ജമാഅത്തിലെ ഓരോവ്യക്തിയും ഓർമ വെക്കേണ്ടതാണ്.**
**അല്ലാഹു നിങ്ങളുടെ സേവനങ്ങളുടെ ആശ്രിതനല്ല. നിങ്ങളുടെ സഹായത്തിന് ആശ്രിതനല്ല. നിങ്ങളുടെ ത്യാഗങ്ങൾക്കും ആശ്രിതനല്ല. അവൻ ഈ ജമാഅത്ത് രൂപീകരിച്ച സ്ഥിതിക്ക് അതിന്റെ പ്രവർത്തനത്തിനുള്ള നടപടികളും ഏർപാടാക്കുന്നതാണ്.**
**അദ്ദേഹം ജമാഅത്തംഗങ്ങളോടു പറഞ്ഞു,**
**'നിങ്ങൾക്കു കിട്ടുന്ന സേവനാവസരങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹമായി മനസ്സിലാക്കുക.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു ഇൽഹാമുണ്ടായി: **ലാ ഇലാഹ ഇല്ലാ അന ഫത്തഖിദ്നീ വക്കീലാ** ഞാൻ അല്ലാതെ ആരാധ്യനില്ല. നീ എന്നെത്തന്നെ നിന്റെ കാര്യ നിർവാഹകനാക്കുക.

ഈ ഇൽഹാമിൽ, നിനക്ക് മറ്റൊരിടത്തേക്കും നോക്കേണ്ട ആവശ്യമില്ല, ഞാനായിരിക്കും നിന്റെ എല്ലാ ജോലിയും ചെയ്യുന്നവൻ, ഞാനായിരിക്കും നിന്റെ എല്ലാ ജോലിയും നടത്തുന്നവൻ, ഞാനായിരിക്കും എല്ലാ ജോലികൾക്കും മേൽന്നോട്ടം വഹിക്കുന്നവൻ, ഞാനായാരിക്കും ഈ എല്ലാ ജോലികൾക്കുംവേണ്ടുന്ന മാധ്യമങ്ങൾ സംഘടിപ്പിച്ചുതരുന്നവൻ എന്നു പറഞ്ഞുകൊണ്ട് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സമാധാനിപ്പിച്ചിരിക്കുകയാണ്. നീ എന്നെ നിന്റെ ആരാധ്യനാക്കുകയും ഞാൻ നിന്നെ ദീനിന്റെ പ്രചാരണത്തിന്നായി എഴുന്നേൽപിച്ചു നിറുത്തുകയും ചെയ്ത സ്ഥിതിക്ക് വിഷമിക്കേണ്ട ഒരു ആവശ്യവുമില്ല. നിന്റെ എല്ലാ ജോലിയും ചെയ്യാൻ എനിക്ക് കഴിവുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയും ഇതിന് ഹ്രസ്വമായ വിശദീകരണം നല്കിയിട്ടുണ്ട്. അതായത് ഞാൻതന്നെയാണ് എല്ലാ കാര്യങ്ങളും നിർവഹിക്കുന്നവൻ. അല്ലാഹു പറയുന്നു, അതുകൊണ്ട് നീ എന്നെത്തന്നെ കാര്യ നിർവാഹകനായി മനസ്സിലാക്കിക്കൊള്ളുക. നിന്റെ ജോലിയിൽ മറ്റുള്ളവരുടെ പ്രവർത്തനമുണ്ടെന്ന് മനസ്സിലാക്കരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ഈ ഇൽഹാമുണ്ടായപ്പോൾ എനിക്ക് ഭയമുണ്ടായി. എന്റെ മനസ്സ് വിറച്ചു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ പേരുപോലും പറയാൻ പറ്റാത്ത നിലയിലായിട്ടുണ്ടാകാം എന്റെ ജമാഅത്ത്!" ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിനോടു പറഞ്ഞു, 'ഈ ഇൽഹാം ജമാഅത്തിലെ ഓരോവ്യക്തിയും ഓർമവെക്കേണ്ടതാണ്. അല്ലാഹു നിങ്ങളുടെ സേവനങ്ങളുടെ ആശ്രിതനല്ല. നിങ്ങളുടെ സഹായത്തിന് ആശ്രിതനല്ല. നിങ്ങളുടെ ത്യാഗങ്ങൾക്കും ആശ്രിതനല്ല. അവൻ ഈ ജമാഅത്ത് രൂപീകരിച്ച സ്ഥിതിക്ക് അതിന്റെ പ്രവർത്തനത്തിനുള്ള നടപടികളും ഏർപാടാക്കുന്നതാണ്. അദ്ദേഹം ജമാഅത്തംഗങ്ങളോടു പറഞ്ഞു, 'നിങ്ങൾക്കു കിട്ടുന്ന സേവനാവസരങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹമായി മനസ്സിലാക്കുക.'

അദ്ദേഹത്തിന്റെ ഈ വാക്കുകൾ ജമാഅത്തംഗങ്ങൾ മനസ്സിലാക്കി. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നതിനുവേണ്ടി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷന്റെ സമ്പൂർത്തീകരണത്തിനുവേണ്ടി എല്ലാതരത്തിലുമുള്ള ത്യാഗങ്ങൾക്കും അവർ സന്നദ്ധരായി. അല്ലാഹുവിന്റെ ഈ സഹായ ദൃശ്യങ്ങൾ ഇന്നും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. അല്ലാഹു അഹ്മദികളുടെ മനസ്സുകളിൽ ത്യാഗത്തിന്റെ പ്രാധാന്യം ഇടുന്നു. അവർ അസാധാരണമായ മാതൃകകാഴ്ച വെക്കുന്നു. ജമാഅത്തിൽ വസിയ്യത്തിന്റെ ഒരു വ്യവസ്ഥിതിയുണ്ട്. ചന്ദ ആമിന്റെ വ്യവസ്ഥിതിയുണ്ട്. ഇതിനു പുറമെ വിവിധ പദ്ധതികൾ വന്നുകൊണ്ടിരിക്കുന്നു. ജമാഅത്തംഗങ്ങൾ അവയിൽ ത്യാഗത്തിന്റെ അസാധാരണമായ മാതൃകകൾ സ്ഥാപിക്കുന്നു. രണ്ടു പദ്ധതികൾ സ്ഥിരമായിട്ടുള്ളതാണ്. അതായത് തഹ്രീക്കെജദീദും വഖ്ഫെ ജദീദും. ജമാഅത്തംഗങ്ങൾ അറിയുന്നതുപോലെ പാക്കിസ്താനിൽ ഗ്രാമങ്ങളിലും ദൂരദൂര പ്രദേശങ്ങളിലും ശിക്ഷണപരവും പ്രബോധനപരവുമായ ജോലികളിൽ വേഗം കൂട്ടുന്നതിനുവേണ്ടിയാണ് വഖ്ഫെ ജദീദ് പദ്ധതിയ്ക്ക് ആഹ്വാനം ചെയ്തത്. പിന്നീട് ഇത് മുഴുലോകത്തിനുമായി വിളംബരം ചെയ്തപ്പോഴും ഇതിന് പരിമിതമായ ഉദ്ദേശ്യങ്ങളാണുണ്ടായിരുന്നത്. ഇതിന്റെയൊക്കെ ഉദ്ദേശ്യമെന്താണെന്ന്? ആരുടെയെങ്കിലും മനസ്സിൽ തോന്നിയേക്കാം. ഇതു സംബന്ധമായി ഞാൻ അല്പം വിശദീകരിക്കട്ടെ. ഞാൻ പറഞ്ഞതുപോലെ വഖ്ഫെ ജദീദിന്റെ ചെലവുകൾ പ്രത്യേക രാജ്യങ്ങൾക്കും നാടുകൾക്കും വേണ്ടിയാണ്. പാശ്ചാത്യരാജ്യങ്ങളിൽനിന്നും സമ്പന്നരാഷ്ട്രങ്ങളിൽനിന്നും വഖ്ഫെ ജദീദിലേക്ക് വരുന്ന തുകകൾ പൊതുവെ ഭാരതത്തിലേയും ആഫ്രിക്കയിലേയും ഗ്രാമപ്രദേശങ്ങളിലാണ് ചെലവഴിക്കുന്നത്. എന്നല്ല ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)ഈ പദ്ധതി പൊതുധാരയിലാക്കുകയും മറ്റുലോകക്കാരേയും ഇതിൽ ഉൾപ്പെടുത്തിയതിന്റെ ഉദ്ദേശ്യം ഭാരതത്തിലേയും ഖാദിയാനിലേയും ചെലവുകളും വഖ്ഫെജദീദ് ചന്ദകൊണ്ട് പൂർത്തിയാക്കുക എന്നതായിരുന്നു. തഹ്രീക്കെ ജദീദിന്റെ ചെലവുകൾ മർക്കസ്സിന്റെ സഹായം ആവശ്യമുള്ള ലോകത്തെ എല്ലാരാഷ്ട്രങ്ങളേയും

സഹായിക്കുക എന്നതാണ്. കാരണം തുക കേന്ദ്രത്തിൽ വരുന്നു. അവിടെ ഇത് ചെലവഴിക്കപ്പെടുകയും ചെയ്യുന്നു. എന്തായാലും വഖ്ഫെ ജദീദ് മുഖേന ഒരുപാട് പദ്ധതികൾ ദരിദ്രരാഷ്ട്രങ്ങളിൽ അല്ലെങ്കിൽ അവികസ്വരരാഷ്ട്രങ്ങളിൽ നടന്നുവരുന്നു.

ജനുവരിയുടെ ആദ്യത്തെ അല്ലെങ്കിൽ രണ്ടാമത്തെ ജുമുആയിൽ വഖ്ഫെ ജദീദിന്റെ നവവത്സര പ്രഖ്യാപനം ഉണ്ടാകാറുണ്ട്. അതുകൊണ്ട് ഞാൻ വഖ്ഫെ ജദീദിനെ ഉദ്ധരിച്ചുകൊണ്ട് ഇന്ന് സംസാരിക്കുന്നതാണ്. ഈ വർഷത്തെ വിളംബരവും നടത്തുന്നതാണ്; പുതുവർഷ പ്രഖ്യാപനം. നമ്മുടെ സമ്പ്രദായം പോലെ കഴിഞ്ഞ വർഷത്തെ റിപ്പോർട്ടും അവതരിപ്പിക്കുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിന്റെ 58 –ാം വർഷം 31 ഡിസംബർ 2015ന് അവസാനിച്ചു. ഈ നടപ്പുവർഷത്തിൽ ദൈവകൃപയാൽ വഖ്ഫെജദീദിൽ ജമാഅത്തംഗങ്ങൾക്ക് അറുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം(6891000) പൗണ്ട് ധനത്യാഗം സമർപിക്കാൻ ഭാഗ്യം ലഭിച്ചു. ഈ അടവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ആറുലക്ഷത്തി എൺപത്തിരണ്ടായിരത്തി നൂറ്റി അമ്പത്തിയഞ്ച് (682155) പൗണ്ട് കൂടുതലാണ്. ഈ വർഷവും പാക്കിസ്താനാണ് വസൂലിയുടെ അടിസ്ഥാനത്തിൽ ലോകജമാഅത്തുകളിൽ മുന്നിൽ. ബാക്കിയുള്ള ജമാഅത്തുകളുടെ പൊസിഷൻ പറയുന്നതിനു മുമ്പേ വഖ്ഫെജദീദിനെക്കുറിച്ച് അല്പം വിശദീകരണം നല്കാനാഗ്രഹിക്കുന്നു. 2015 വർഷത്തിൽ വഖ്ഫെ ജദീദിൽ അറുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം(6891000) പൗണ്ട് പിരിഞ്ഞു. ഇതിൽ മൊത്തം പിരിഞ്ഞതിന്റെ മൂന്നിലൊരുഭാഗം ഈ രാഷ്ട്രങ്ങളിലാണ് ചെലവഴിക്കുന്നത്. അതായത് അവികസ്വര രാജ്യങ്ങളിലോ ഭാഗികമായ വികസ്വരരാജ്യങ്ങളിലോ ദരിദ്രരാജ്യങ്ങളിലോ ചെലവഴിക്കുന്നു. മൊത്തം വസൂലിയുടെ മൂന്നിലൊരു ഭാഗം ഈ രാജ്യങ്ങളിൽനിന്ന് കിട്ടുന്നുണ്ട്. അത് അവരുടെ ആവശ്യങ്ങൾക്കായി അവരുടെ പദ്ധതിയനുസരിച്ച് അവിടെത്തന്നെ ചെലവഴിക്കപ്പെടുന്നു. ഇതിനുപുറമെ ഖാദിയാനിലും ജൽസാഗാഹിന്റേയും വിവിധപ്രൊജക്ടുകളുടേയും നിർമാണം നടന്നു. അതിലും ചെലവുകളുണ്ടായി. നേപ്പാളും ഭാരതത്തിനുകീഴിലാണ്. ഇവിടെനിന്ന് വക്കാലത്തെ **തഅ്മീൽ വ തൻഫീദാ**ണ് നിയന്ത്രിക്കുന്നത്. ഭൂട്ടാന്റെ നിയന്ത്രണവും ഇവിടെനിന്നാണ്. നേപ്പാളിൽ രണ്ട് മസ്ജിദുകൾ നിർമിച്ചു. താൽക്കാലികമായി രണ്ടു ഷെഡ്ഡും നിർമിക്കപ്പെട്ടു.

എല്ലായിടത്തും മസ്ജിദുകളുടേയും മിഷൻ ഹൗസുകളുടേയും നിർമാണപ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന നല്കിവരുന്നു. ഇതിനുപുറമെ നടക്കുന്ന പ്രവർത്തനങ്ങളിലും ചെലവുകളുണ്ടാകുന്നു. ഭാരതത്തിൽ നടപ്പു വർഷം തർബിയ്യത്തി ക്ലാസുകൾ സംഘടിപ്പിച്ചിരുന്നു. ഒരുപാട് റിഫ്രഷർ ക്ലാസുകൾ നടന്നു. അവയിലും ചെലവുകളുണ്ടാകുന്നു. ഭാരതത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുഅല്ലിമീംകളുടെ എണ്ണം 1127 ആണ്. അവർക്ക് കൊടുക്കുന്ന അലവൻസുകളുണ്ട്, താമസസ്ഥലങ്ങളുണ്ട്, അവരുടെ യാത്രാചെലവുകളുണ്ട്. ഇപ്രകാരംനോക്കുമ്പോൾ വൻചെലവുകളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നുത്. പിന്നീടുള്ളത് ആഫ്രിക്കയാണ്. ആഫ്രിക്കയിലെ 26 രാജ്യങ്ങളിൽ ഇപ്പോൾ 1287 മുഅല്ലിമീംകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമങ്ങളിൽ മസ്ജിദുകളുടെ നിർമാണത്തോടൊപ്പം ചിലസ്ഥലങ്ങളിൽ മുഅല്ലിമീംകളുടെ താമസത്തിന്നായി മുറികളോ വീടുകളോ നിർമിക്കപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ മുഅല്ലിമീംകൾക്ക് താമസത്തിന് വീടുകൾ നിർമിക്കാൻ പറ്റാത്തസ്ഥലങ്ങളിൽ ഞാൻ പറഞ്ഞതുപോലെ ജമാഅത്തിനെ നിലനിറുത്തണമെങ്കിൽ മുഅല്ലിമീംകളെ എന്തായാലും അയക്കേണ്ടി വരുന്നു; അവരുടെ എണ്ണവും കുറവാണെങ്കിൽപോലും. നമുക്ക് വളരെയധികം മുഅല്ലിമീംകളെ ആവശ്യമുണ്ട്. എന്തായാലും ചെയ്യാവുന്നതൊക്കെചെയ്യാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. വീടുവെക്കാൻ കഴിയാത്തിടത്ത് പെട്ടെന്ന് വാടകയ്ക്ക് വീടെടുക്കുന്നു. ഇപ്പോൾ ആഫ്രിക്കയിൽമാത്രം മുഅല്ലിമിനെ താമസിപ്പിക്കാൻ വീടില്ലാത്ത 1372 ജമാഅത്തുകളിൽ വാടകയ്ക്കെടുത്താണ് താമസിപ്പിച്ചിരിക്കുന്നത്. ഈ വർഷം ആഫ്രിക്കയിൽ 130 മസ്ജിദുകളുടെ നിർമാണം നടന്നു. 47 മസ്ജിദുകളുടെ നിർമാണപ്രവൃത്തികൾ നടന്നുവരുന്നു. ഈ വർഷം തന്നെ കൂടുതൽ 95 മസ്ജിദുകൾകൂടി നിർമിക്കുക എന്നതാണ് ഉദ്ദേശ്യം. ആഫ്രിക്കയിലെ 18 രാജ്യങ്ങളിൽ 82 മിഷൻഹൗസുകളുടെ നിർമാണം പൂർത്തിയായിക്കഴിഞ്ഞു. 13 രാജ്യങ്ങളിൽ 21 മിഷൻഹൗസുകളുടെ നിർമാണം നടന്നുവരുന്നു. ഇതിനുപുറമേയും നിർമാണ പദ്ധതികളുണ്ട്. ആഫ്രിക്കയിൽ നവഅഹ്മദികളുടെ ശിക്ഷണത്തിനായി തർബിയ്യത്തീ ക്ലാസ്സുകളും റിഫ്രഷർ കോഴ്സുകളും നടന്നുവരുന്നുണ്ട്. ഏകദേശം 2156 സ്ഥലങ്ങളിൽ മുപ്പത്തിയേഴായിരത്തിന്നടുത്ത് തർബിയ്യത്തീ ക്ലാസുകളും റിഫ്രഷർ കോഴ്സുകളും പൂർത്തിയാക്കി. ഒരുലക്ഷത്തോളം നവ അഹ്മദികൾ ഇതിൽ പങ്കെടുക്കുകയും ചെയ്തു.1132 ഇമാമീംകൾ പരിശീലനമെടുത്തു. നവഅഹ്മദികളുടെ തഅ്ലീം തർബിയ്യത്തിനും ജമാഅത്ത് വ്യവസ്ഥിതിയുടെ പ്രവർത്തനക്ഷമതയ്ക്കും വിവിധ രാജ്യങ്ങളിൽ തഅ്ലീം തർബിയ്യത്ത് ക്ലാസുകളും റിഫ്രഷർ കോഴ്സുകളും ഞാൻ പറഞ്ഞതുപോലെ സംഘടിപ്പിച്ചുവരുന്നു. മാന്യരായ ധാരാളം മസ്ജിദ് ഇമാമീംകളും ബയ്അത്തുചെയ്തു ജമാഅത്തിൽ ചേരുന്നുണ്ട്. അവർക്കും ആദ്യം മുതൽ തർബിയ്യത്ത് നല്കേണ്ടി വരുന്നു. ശരിയായ ഇസ്‌ലാമിനെക്കുറിച്ചുള്ള മസ്അലകൾ പഠിപ്പിക്കേണ്ടിവരുന്നു. വഖ്ഫെ ജദീദിൽ ചേർന്നവരുടെ സംഖ്യ 2010 ൽ 6 ലക്ഷമായിരുന്നു. നടപ്പുവർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിലെ അംഗങ്ങളുടെ എണ്ണം 12 ലക്ഷത്തിലധികമായിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ, ഇപ്പോഴും സാധ്യതകളേറെയുണ്ട്. ഇതു സംബന്ധമായി ചില സംഭവങ്ങളും നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്.

ടാൻസനിയാ(Tanzania)യിലെ നമ്മുടെ മുബല്ലിഗ് എഴുതുന്നു: 'ഒരു ഗ്രാമത്തിലെ വെറും ഒരു മാസം മുമ്പേ ബയ്അത്തു ചെയ്ത് ഒരു സ്ത്രീയോടു വഖ്ഫെ ജദീദിന്റെ ബർക്കത്തുകളെ കുറിച്ച് പറഞ്ഞപ്പോൾ പറഞ്ഞു: 'ഈ നേരത്ത് എന്റെ പക്കൽ പണമൊന്നുമില്ല. പക്ഷേ, ചന്ദയുടെ വർഷം അവസാനിക്കുകയാണ്. ചന്ദയുടെ ബർക്കത്തിൽനിന്ന് ഞാൻ നിർഭാഗ്യയാകാൻ ആഗ്രഹിക്കുന്നില്ല. അല്പം കാത്തുനില്ക്കുക.' അങ്ങനെ അവർ വീട്ടിൽ പോയി. വീട്ടിലുണ്ടായിരു

ന്ന മുട്ടകൾ ചന്തയിൽ കൊണ്ടുപോയി വിറ്റുകിട്ടിയ 2000 ഷില്ലിങ് കൊണ്ടുവന്ന് വഖഫെ ജദീദ് ചന്ദ കൊടുത്തു. ഇവർ അഹ്മദിയായിട്ട് ഒരു മാസമെ ആയിട്ടുള്ളു. ചന്ദ കൊടുക്കേണ്ടത് നിർബന്ധമാണെന്നുള്ള ബോധം ആ സ്ത്രീക്കുണ്ടായി.

ഗാംബിയാ(Gambia)യിൽനിന്നുതന്നെ അമീർ സാഹിബ് എഴുതുന്നു: 'ഒരു ഗ്രാമത്തിലെ സുഹൃത്തുണ്ട്. ഒരു വർഷമായി രോഗിയായിരുന്നു. നടക്കാനോ എവിടെയെങ്കിലും പോകാനോ എന്തെങ്കിലും ജോലിചെയ്യാനോ കഴിയുമായിരുന്നില്ല. ഇക്കാരണത്താൽ സാമ്പത്തിക സ്ഥിതിയും വളരെ പരിതാപകരമായിരുന്നു. കഴിഞ്ഞ വർഷം വഖ്ഫെ ജദീദിനെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹത്തിന് ആരോ സ്വദഖ കൊടുത്ത കൈയിലുണ്ടായിരുന്ന 5 ഡലാസി വഖ്ഫെ ജദീദ് ചന്ദ കൊടുത്തു. പറയുന്നു, നടക്കാനും ചലിക്കാനും കഴിയാതിരുന്ന ആ മനുഷ്യനുമേൽ അല്ലാഹു എത്രമാത്രം അനുഗ്രഹം ചൊരിഞ്ഞുവെന്നാൽ ഇപ്പോൾ അദ്ദേഹത്തിന് മൃഗങ്ങളുടെ വലിയൊരു കൂട്ടമുണ്ട്. അദ്ദേഹം കൃഷി ചെയ്യുന്നു. അദ്ദേഹം പറയുന്നു:'ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹമാണ്. എന്റെ കൃഷിയും നന്നാകാൻ തുടങ്ങി. എന്റെ കൈയിൽ മൃഗങ്ങളുടെ വലിയൊരു കൂട്ടമുണ്ട്. ഇതെല്ലാം അല്ലാഹുവിന്റെ ബർക്കത്തുകളാണ്.

ഫിൻലൻഡ്(Finland)ൽനിന്ന് ഒരു സ്നേഹിതൻ എഴുതുന്നു: 'കഴിഞ്ഞ വർഷത്തെ എന്റെ വാഗ്ദാനം 510 യൂറോ ആയിരുന്നു. ഇപ്രാവശ്യം അവസ്ഥകൾ മോശമായതിനാൽ ഞാൻ അത് 100 യൂറോ ആയി കുറച്ചു.' അദ്ദേഹം പറയുന്നു, അല്ലാഹു എന്നെ എങ്ങനെ പിടിച്ചുവെന്നാൽ ഒരു ദിവസം എന്റെ കാറ് അപ്രതീക്ഷിതമായി റോഡിൽ കേടായി. അത് ശരിയാക്കാൻ വർക്കുഷോപ്പിൽ കൊണ്ടുപോകേണ്ടി വന്നു. അതിന്റെ ബില്ല് വന്നത് ആദ്യം വാഗ്ദാനം ചെയ്ത തുകയ്ക്ക് സമാനമായിരുന്നു. അതായത് 510 യൂറോ. വീട്ടിൽ എത്തിയുടനെ അദ്ദേഹം പറഞ്ഞു:'അല്ലാഹു എനിക്ക് പാഠം നല്കുകയായിരുന്നു.' ഉടനെതന്നെ അദ്ദേഹം തന്റെ ചന്ദാവാഗ്ദാനം പൂർണമായും അടച്ചു.

സിയറ ലിയോണി(Sierra Leone) ൽനിന്ന് പ്രൈമറിസ്കൂൾ ഹെഡ്മിസ്ട്രസ് എഴുതുന്നു:'മിഷണറി സാഹിബ് ചന്ദ കൊടുക്കാൻ പറഞ്ഞു. എന്റെ കൈയിൽ പണമുണ്ടായിരുന്നില്ല. ആദ്യമേ ഞാൻ കൊടുത്തു കഴിഞ്ഞതാണ്.

എനിക്കൊരു സഹോദരനുണ്ടായിരുന്നു. അവൻ ക്രിസ്ത്യാനിയായിട്ട് കുറേ നാളുകളായി. എന്നോടു വെറുപ്പായിരുന്നു. ക്രിസ്ത്യാനിയാകാൻ പറഞ്ഞുകൊണ്ടേയിരുന്നു. അവസാനം എന്നെവിട്ട് അമേരിക്കയിലേക്ക് പോയി. ഞാൻ വളരെ പ്രയാസപ്പെട്ട് ചന്ദ കൊടുത്തു. ഒരു ദിവസം സഹോദരന്റെ ഫോൺ വന്നു. പറഞ്ഞു, 'നീ മുസ്‌ലിമായിത്തന്നെ ജീവിച്ചുകൊള്ളുക. എനിക്ക് ഒരു ആക്ഷേപവുമില്ല. എന്തായാലും നിന്നെ സഹായിക്കണമെന്ന് എനിക്കുതോന്നി. അതുകൊണ്ട് നിനക്ക് ഞാൻ ഒരു തുക അയക്കുകയാണ്.' വലിയ തുകയായിരുന്നു അത്. അങ്ങനെ അവർക്ക് തുക കിട്ടി. സഹോദരനുമായിട്ടുള്ള ബന്ധവും നന്നായി. ഐശ്വര്യവുമുണ്ടായി.

ഭാരതത്തിൽനിന്ന് മുബല്ലിഗ് എഴുതുന്നു: 'കോയമ്പത്തൂരിൽനിന്ന് ഒരു സ്നേഹിതൻ തന്റെ മകൾക്ക് ആഭരണങ്ങൾ വാങ്ങുന്നതിനുവേണ്ടി മാർക്കറ്റിൽ പോയി. ആഭരണങ്ങൾ സെലക്റ്റുചെയ്തുകൊണ്ടിരിക്കുമ്പോൾ ജുമുഅക്ക് സമയമായി. നമസ്കരിച്ച് വരാമെന്ന് അയാൾ കടക്കാരനോടു പറഞ്ഞു. എന്റെ ഖുത്ബയുടെ സംക്ഷിപ്തമാണ് ജുമുആയിൽ കേൾപ്പിച്ചത്. അതിൽ തഹ്‌രീക്കെ ജദീദിന്റെ നവവത്സര വിളംബരമായിരുന്നു. ചന്ദയെ കുറിച്ച് പറയപ്പെട്ടു. ഒരു അന്ധയുടെ ധനത്യാഗത്തെ കുറിച്ച് അതിൽ പറയുന്നുണ്ടായിരുന്നു. ആ സംഭവം ആ സുഹൃത്തിനെ വല്ലാതെ സ്വാധീനിച്ചു. അദ്ദേഹം നമസ്കാരത്തിനുശേഷം ആഭരണങ്ങൾ വാങ്ങുന്നതിനു പകരം തന്റെ വഖ്ഫെ ജദീദ് കുടിശ്ശികയെല്ലാം തീർത്തു. മസ്ജിദിൽനിന്ന് വെളിയിൽവന്ന് തന്റെ ഭാര്യയോടു ഇക്കാര്യം പറഞ്ഞപ്പോൾ അവരും വളരെ സന്തോഷിച്ചു. അവർ പറഞ്ഞു, 'ഖുത്ബ നടന്നുകൊണ്ടിരിക്കുമ്പോൾ ഇതുതന്നെയായിരുന്നു എന്റെ മനസ്സിലും. അല്ലാഹു നമ്മുടെ കുട്ടിക്ക് മറ്റെന്തെങ്കിലും ഏർപാടാക്കിത്തരുന്നതാണ്.'

ഭാരതത്തിലെ സഹാറൻപൂരിൽനിന്ന് വഖ്ഫെ ജദീദ് ഇൻസ്പെക്ടർ എഴുതുന്നു: 'വഖ്ഫെ ജദീദ് ചന്ദ വസൂൽ ചെയ്യുന്നതിനുവേണ്ടി യു.പി.യിലെ ഒരു ഗ്രാമത്തിൽ അഹ്മദി സ്നേഹിതന്റെ വീട്ടിൽപോയി. അദ്ദേഹം ഭാര്യയോടു പറഞ്ഞു, 'പെരുന്നാളാണ് വരുന്നത്. എന്റെ കൈയിൽ വെറും 200 രൂപയെ ഉള്ളു. ചന്ദ കൊടുക്കുക, അല്ലെങ്കിൽ വസ്ത്രം വാങ്ങുക. ഭാര്യ പറഞ്ഞു, ആദ്യം ചന്ദ കൊടുക്കുക. വസ്ത്രമൊക്കെ പിന്നീടുണ്ടായിക്കൊള്ളും. കുറച്ചുമാസം കഴിഞ്ഞ് വീണ്ടും അവരുടെ വീട്ടിൽ ചന്ദ വാങ്ങാൻപോയപ്പോൾ അവരുടെ വീട്ടിലെ അവസ്ഥകണ്ട് വളരെ സന്തോഷം തോന്നി. അവർ പറഞ്ഞു:'ഞങ്ങൾ ചന്ദ കൊടുക്കാൻ തുടങ്ങിയ അന്നുമുതൽ ഞങ്ങൾക്ക് ധാരാളം ജോലികൾ കിട്ടി. ആദ്യം ഞാൻ വയലുകളിൽ മറ്റുള്ളവരുടെ ട്രാക്ടർ ഓടിക്കുകയായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സ്വന്തമായി ട്രാക്ടർ വാങ്ങി. ജോലിയിൽ ഒരുപാട് ബർക്കത്തുണ്ടാകാനും തുടങ്ങി.

ഭാരതത്തിലെ ഒഡീഷയിലെ ജഗത്ഗിരി എന്ന സ്ഥലത്ത് ഒരാൾ കടത്തിൽ മുങ്ങിയിരുന്നു. അക്കാരണത്താൽ ആളുകളിൽനിന്ന് ഒളിച്ചു നടക്കുകയായരുന്നു. അവിടെ നിന്ന് ആരോടും പറയാതെ ഹൈദരബാദിലേക്ക് പോകുകയും ചെയ്തു. അദ്ദേഹത്തെ കുറിച്ച് അറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ പോയി. മുറബ്ബിസാഹിബോ ഇൻസ്പെക്ടർ സാഹിബോ അദ്ദേഹത്തിന് ചന്ദയുടെ പ്രാധാന്യം വിശദീകരിച്ചു കൊടുത്തു. അദ്ദേഹം വളരെ പ്രയാസപ്പെട്ട് തന്റെ ചന്ദ കൊടുത്തു. ജമാഅത്തുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയുംചെയ്തു. പറയുന്നു: ഇതിനുശേഷം അല്ലാഹു എത്രമാത്രം അനുഗ്രഹിച്ചുവെന്നാൽ വരുമാനമുണ്ടാകാൻ തുടങ്ങി. എല്ലാ കടവും വീട്ടി. കടംവീട്ടി എന്ന് മാത്രമല്ല-അക്കാരണത്താൽ അദ്ദേഹം ഒളിച്ചു നടക്കുകയായിരുന്നു-വീടും വാങ്ങി. ഇപ്പോൾ അദ്ദേഹം തന്റെ വാഗാദാനം ഒരുപാടിരട്ടി ആക്കിയിട്ടുണ്ട്.

ബംഗാളിലേയും സിക്കിമിലേയും ഇൻസ്പെക്ടർ എഴുതുന്നു:ഡാർജലിംഗ് ജമാഅത്തിലെ ഒരു സ്നേഹിതൻ 10 വർഷം മുമ്പേ ജമാഅത്തിൽ ചേർന്നയാളാണ്. ധനത്യാഗത്തിൽ എപ്പോഴും മുന്നിലായിരുന്നു. ഇപ്രാവശ്യം ബജറ്റ് എഴുതുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ അടുക്കൽ പോയപ്പോൾ അദ്ദേഹം പറഞ്ഞു, പിതാവിന്റെ ഓപ്റേഷനായിരുന്നു.

അതിന് ഒരു ലക്ഷം രൂപം ചെലവായി. അതുകൊണ്ട് സാമ്പത്തിക ഞെരുക്കമുണ്ട്. അദ്ദേഹം തന്റെ 22000 ന്റെ വാഗ്ദാനം കുറച്ച് 17000 രൂപയാക്കി. പക്ഷേ, ചന്ദ വസൂൽ ചെയ്യാൻ ചെന്നപ്പോൾ 22000 രൂപതന്നെ നല്കി. അദ്ദേഹം പറഞ്ഞു, 'ഒരു നന്മ ഞാൻ തുടങ്ങിവച്ചത് എന്തിനാണ് വെറുതെ കുറയ്ക്കുന്നത്.' ഈ രീതീയിലും അല്ലാഹു ഈമാനിൽ വർധന നല്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് കൂടുതൽ അവകാശികളാകുന്നതിനുവേണ്ടി നിങ്ങൾ ത്യാഗങ്ങൾ ചെയ്യുക.

അതു കഴിഞ്ഞ് ഹുദൂർ ആഫ്രിക്കൻ രാജ്യമായ ബെനിൻ, ഓസ്ട്രേലിയ, നോർവെ, കോംഗോ, ജർമനീ, കനഡ, ടൻസാനിയ തുടങ്ങിയ രാജ്യങ്ങളിലെ ചില മുഖ്‌ലിസീംകളുടെ സംഭവങ്ങളും വഖ്ഫെ ജദീദിൽ ചന്ദ കൊടുത്തതിന്റെ ഫലമായുണ്ടായ ബർക്കത്തുകളും കേൾപ്പിക്കുകയുണ്ടായി. ഹുദൂർ പറഞ്ഞു: പരിശുദ്ധ സമ്പാദ്യത്തിൽനിന്ന് ഒരു കാരക്കയുടെ ചീളുപോലും നല്കിയാൽ അല്ലാഹു അതിനെ മലയാക്കി മാറ്റുന്നതാണെന്ന് നബി(സ)തിരുമേനി പറഞ്ഞു. പിന്നീട് ചെറിയ കന്നുകാലികുട്ടി വലിയ മൃഗമായിത്തീരുന്നതുപോലെ പരിശുദ്ധസമ്പാദ്യത്തിൽനിന്ന് നല്കിയ ത്യാഗം അല്ലാഹു പെരുപ്പിക്കുമന്നും പറഞ്ഞു. ഈ ദൃശ്യങ്ങൾ അല്ലാഹു ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലെ അംഗങ്ങൾക്ക് കാണിച്ചുകൊടുക്കുന്നു.

പറഞ്ഞു, ഇനി ഞാൻ നേരത്തെ പറഞ്ഞതുപോലെ കഴിഞ്ഞ വർഷത്തെ റിപ്പോർട്ട് അവതരിപ്പിക്കുകയാണ്. പാകിസ്താനു പുറമെയുള്ള രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്തും മൊത്തം രാജ്യങ്ങളിൽ രണ്ടും സ്ഥാനത്തുമുള്ളത് ബ്രിട്ടനാണ്. യു.കെ.ഒന്ന്, അമേരിക്ക രണ്ട്, ജർമനീ മൂന്ന്, കാനഡ നാല്, ഭാരതം അഞ്ച്, ഓസ്ട്രേലിയാ ആറ്, ഇന്തൊനീഷ്യ ഏഴ്, മിഡിൽ ഈസ്റ്റിലെ ഒരു രാജ്യം എട്ട്, ബെൽജിയം ഒമ്പത്, ഘാന പത്ത്.

തദ്ദേശ കറൻസിയുടെ വസൂലിയുടെ വർധനവിന്റെ അടിസ്ഥാനത്തിൽ ഘാന(Ghana)യാണ് ഒന്നാം സ്ഥാനത്ത്. അതിനുശേഷം അമേരിക്ക. പിന്നീട് ബ്രിട്ടൺ.

വലിയ ജമാഅത്തുകളുടെ വ്യക്തിഗതമായ അടവിന്റെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനത്ത് നില്ക്കുന്നത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. പിന്നീട് അമേരിക്ക. അതു കഴിഞ്ഞ് വീണ്ടും വരുന്നത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. നാലാം സ്ഥാനത്ത് സ്വിറ്റ്സർലൻഡ്(Switzerland). അഞ്ച് ബ്രിട്ടൺ, ആറ് ഓസ്ട്രേലിയാ(Australia) പിന്നെ ബെൽജിയം(Belgium)ജർമനി(Germany) പത്ത് കനഡ (Canada).

വർധനവുണ്ടായതിന്റെ അടിസ്ഥാനത്തിൽ ആഫ്രിക്ക കഴിഞ്ഞാൽ ഒന്നാം സ്ഥാനത്ത് ഇന്ത്യയാണ്. പിന്നീട് കനഡ, ബ്രിട്ടൺ, അമേരിക്ക. ഇവിടങ്ങളിൽ വ്യക്തമായ വർധനയാണ് ഉണ്ടായിട്ടുള്ളത്. പക്ഷേ, ഏറ്റവുമധികം വർധന ഉണ്ടായിട്ടുള്ളത് ആഫ്രിക്കൻ രാജ്യങ്ങളിലാണ്.

ദഫ്ത്തറെ അത്ഫാലിൽ ഓർഗനൈസിംഗായിക്കൊണ്ട് കനഡയിൽ പ്രവർത്തനം നടന്നുവരുന്നതുപോലെ ലോകത്തിലെ മറ്റു വലിയ രാജ്യങ്ങളും ശ്രദ്ധിക്കേണ്ടതാണെന്ന്, പ്രവർത്തിക്കേണ്ടതാണെന്ന് ഞാൻ പല പ്രാവശ്യവും പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ദഫ്ത്തറെ അത്ഫാൽ വഖ്ഫെ ജദീദിലാണുള്ളത്, തഹ്‌രീക്കെ ജദീദിലില്ല എന്ന കാര്യവും ഇവിടെ പറഞ്ഞുകൊള്ളട്ടെ.

മൊത്തം വസൂലിയുടെ അടിസ്ഥാനത്തിൽ ഭാരതത്തിലെ സംസ്ഥാനങ്ങൾ ഇവയാണ്. ഒന്നാമത്തേത് കേരളം. രണ്ട് തമിൾനാട്, മൂന്ന് ജമ്മുകശ്മീർ, പിന്നീട് തെലുങ്കാന, കർണാടക, വെസ്ററ് ബംഗാൾ, ഒഡീഷ, പഞ്ചാബ്, ഉത്തർ പ്രദേശ്, ദില്ലി, മഹാരാഷ്ട്ര.

വസൂലിയുടെ അടിസ്ഥാനത്തിൽ ജമാഅത്തുകൾ കരുളായി, കോഴിക്കോട്, ഹൈദരബാദ്, പത്തപ്പിരിയം, ഖാദിയാൻ, കണ്ണൂർ ടൗൺ, കൊൽക്കത്ത, സോളൂർ, ബംഗ്ലൂരു, പഴയങ്ങാടി, ഋഷിനഗർ.

അല്ലാഹു ധനത്യാഗം ചെയ്തവരുടെയെല്ലാം സമ്പത്തിലും ആയുസ്സിലും അസംഖ്യം ബർക്കത്ത് നല്കുമാറാകട്ടെ. ഈ വർഷം മുമ്പത്തേതിനെക്കാൾ കൂടുതൽ ത്യാഗം ചെയ്യാൻ തൗഫീഖ് നല്കിയ ഇടങ്ങളിൽ അംഗസംഖ്യയിലും വർധന നല്കുമാറാകട്ടെ.

അവസാനം ഹുദൂർ പരേതരായ മുഹമ്മദ് അസ്‌ലം ശാദ് മംഗലാ സാഹിബി(പ്രൈവറ്റ് സെക്രട്ടറി റബ്‌വ)നേയും അഹ്മദ് ശേർ ജോയിയ സാഹിബിനേയും അനുസ്മരിക്കുകയും അവരുടെ ജനാസ നമസ്കരിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 08.01.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala